# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ - 1347 | 01.07.2015-ൽ<br>മറുപടിയ്ക്ക് |
|---|---|

## വെണ്ണിക്കുളം - റാന്നി റോഡ് വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
| (എ) വെണ്ണിക്കുളം - റാന്നി റോഡ് ബി.എം. ബി.സി. നിലവാരത്തിൽ വികസിപ്പിക്കുന്നതിന് എത്ര തുക യാണ് അനുവദിച്ചിട്ടുള്ളത്; | (എ) വെണ്ണിക്കുളം - റാന്നി റോഡ് ബി.എം. ബി.സി. നിലവാരത്തിൽ വികസിപ്പിക്കുന്നതിന് 265 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഈ തുകയുപയോഗിച്ച് എത്ര കിലോമീറ്റർ റോഡ് വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; | (ബി) 0/000 മുതൽ 5/000 കി.മീ. (5 കി.മീ) |
| (സി) ഇതിന്റെ നിർമ്മാണം ടെൻഡർ ചെയ്തിരുന്നോ; എത്ര തവണ ടെൻഡർ ചെയ്തു; ഏതൊക്കെ തീയതികളിൽ; എത്ര പേർ ടെൻഡറിൽ ഓരോ തവണയും പങ്കെടുത്തു; ആർക്കാണ് ഈ പ്രവൃത്തി ലഭിച്ചിട്ടുള്ളത്;<br><br>(ഡി) റോഡ് വികസനത്തിന് ഫണ്ട് ലഭ്യമാക്കിയിട്ടും ഇതേവരെ ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; ഇനിയും എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാലാണ് നിർമ്മാണം ആരംഭിക്കാൻ കഴിയുക;<br><br>(ഇ) റോഡ് നിർമ്മാണത്തിന് ഫണ്ടനുവദിച്ചതിനാൽ കഴിഞ്ഞ രണ്ട് വർഷമായി ഈ റോഡിൽ അറ്റകുറ്റപ്പണി പോലും നടത്താത്തതുമൂലം റോഡ് തകർന്ന് കാൽനടയാത്ര പോലും അസാധ്യമായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി), (ഡി), (ഇ) & (എഫ്) പ്രവൃത്തി മൂന്നു തവണ ടെണ്ടർ ചെയ്തു. 02.08.2013-തീയതിയിലെ ടെൻഡറിൽ 3 പേർ പങ്കെടുത്തു. ഇതിൽ 0.01% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സന്തോഷ് സെബാസ്റ്റ്യന് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും ടെണ്ടർ നിരസിച്ചതിന് എതിരായി ശ്രീ. പ്രസാദ് മാത്യു കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കാലയളവിൽ പ്രവൃത്തിയുടെ ഫേം പീരീഡ് അവസാനിച്ചതിനാൽ ശ്രീ. സന്തോഷ് സെബാസ്റ്റ്യൻ പ്രവൃത്തി ചെയ്യുവാൻ വിസമ്മതിക്കുകയും ഉണ്ടായി. തുടർന്ന് രണ്ടാം പ്രാവശ്യം ടി പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. 17.07.2014-ൽ ഒരിക്കൽ കൂടി ദർഘാസ് ചെയ്തുവെങ്കിലും ആരും പ്രതികരിച്ചില്ല. തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും 63% അധിക നിരക്കിൽ ശ്രീ. പ്രസാദ് മാത്യു |

(എഫ്) ഇത് പരിഹരിക്കുന്നതിനായി ഒന്നു കിൽ റോഡിൽ അടിയന്തര അറ്റകുറ്റപ്പണിയോ, അല്ലെങ്കിൽ ബി.എം. ബി.സി നിലവാരത്തിലുള്ള റോഡ് വികസനമോ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ക്വട്ടേഷൻ നൽകുകയും ആയത് സർക്കാർ ടെണ്ടർ കമ്മിറ്റി പരിഗണിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 32.5% ഉയർന്ന നിരക്കിൽ LMR അംഗീകരിക്കുവാനോ, റീ ടെണ്ടർ ചെയ്യുവാനോ തീരുമാനം ആകുകയും ഉണ്ടായി. റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിരുന്നുവെങ്കിലും കോടതിയിൽ കേസ് തീർപ്പാക്കാനുള്ള കാലതാമസവും തുടർന്ന് ദർഘാസ് രണ്ടു പ്രാവശ്യവും ക്ഷണിച്ചിട്ട് കരാറുകാരുടെ ഭാഗത്തു നിന്നും പ്രതികരണം ഉണ്ടാകാത്തതും നിർമ്മാണം തടസ്സപ്പെടുവാൻ കാരണമായി. ക്വട്ടേഷൻ തീരുമാനമാകുന്ന മുറക്ക് തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ